ഭരണഭാഷ- മാതൃഭാഷ

നം.E135873 TRY/723/2025-E2

ട്രഷറി ഡയറക്ടറേറ്റ്

തിരുവനന്തപുരം,

തീയതി: 12-02-2025

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി വകുപ്പ്-വിദ്യാർത്ഥികൾക്കുള്ള യൂണിഫോം അലവൻസ് തുക മാറി നൽകുന്നത്-സംബന്ധിച്ച്.

സൂചന: 1. സർക്കാരിൽ നിന്നുള്ള 01/01/2024-ലെ ഇ2428414 എസ്.എൽ.3/36/2023-ധന നമ്പർ കത്ത്.

2. ഈ കാര്യാലയത്തിൽ നിന്നുള്ള 28/03/2023-ലെ TRY/973/2023-E2 നമ്പർ കത്ത്.

മേൽ വിഷയത്തിലേയ്ക്കും സൂചനകളിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു. സ്കൂൾ വിദ്യാർത്ഥികൾക്കുള്ള യൂണിഫോം അലവൻസ് തുക 2202-01-102-95 (P) എന്ന ശീർഷകത്തിൽ നിന്നും പ്രധാനാദ്ധ്യാപകരുടെ പേരിലുള്ള എസ്.ടി.എസ്.ബി അക്കൗണ്ടിലേക്ക് മാറി നൽകുന്നതിന് 2022-23 സാമ്പത്തിക വർഷത്തേക്ക് നൽകിയിരുന്ന അനുമതി തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലേയ്ക്കും ബാധകമാണെന്ന് സൂചന (1) പ്രകാരം സർക്കാർ അറിയിച്ചിരുന്നു.

പ്രധാന അധ്യാപകർ യൂണിഫോം അലവൻസ് തുക മുൻകൂർ ആയി വിതരണം ചെയ്തിട്ടുള്ളതായി നടപടിക്രമത്തിൽ പരാമർശിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തുക എസ്.ടി.എസ്.ബി അക്കൗണ്ടിൽ നിന്നും പിൻവലിച്ച് പ്രധാനാദ്ധ്യാപകരുടെ

ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിനായി സമർപ്പിക്കുന്ന ചെക്ക് പാസ്സാക്കി നൽകാവുന്നതാണ്. എസ്.ടി.എസ്.ബി അക്കൗണ്ടുകളിൽ നിന്ന് പ്രധാന അധ്യാപകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് യൂണിഫോം അലവൻസ് തുക വരവുവെച്ച് നൽകുന്ന സന്ദർഭങ്ങളിൽ അനുബന്ധ വൗച്ചറുകളോ/ ഗുണഭോക്താക്കൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഉൾപ്പെട്ട സ്റ്റേറ്റ്മെന്റോ ചെക്കിനോടൊപ്പം ഉൾപ്പെടുത്തുവാൻ ബന്ധപ്പെട്ട അക്കൗണ്ട് അഡ്മിനിസ്ട്രേറ്റർമാരോട് ആവശ്യപ്പെടാവുന്നതാണ്.

സൂചന (2) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും ട്രഷറി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിയശേഷവും ഈ വിഷയത്തിൽ പരാതികൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സൂചന പ്രകാരം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ട്രഷറി ഓഫീസർമാർ കൃത്യമായി പാലിക്കേണ്ടതാണെന്ന് ഒരിക്കൽ കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ

Signed by
Sajan V
Date: 12-02-2025 17:31:12

V SAJAN

DIRECTOR

Directorate of Treasuries, Pattom, Pattom Palace. P.O, Thiruvananthapuram, Kerala 695004
Website: www.treasury.kerala.gov.in, Email:treasury@kerala.gov.in
Ph: 0471-2323963,2322712 , FAX:0471-2324229